©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2022 മാർച്ച് 09<br>09th March 2022<br>1197 കുംഭം 25<br>25th Kumbham 1197<br>1943 ഫാൽഗുനം 18<br>18th Phalguna 1943 | നമ്പർ<br>No. | 770 |

### കേരള സർക്കാർ

### സംഗ്രഹം

സഹകരണ വകുപ്പ് - ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുള്ള മുൻഗണനാ വ്യവസ്ഥകളും ഉപാധികളും പരിഷ്ക്കരിച്ചുകൊണ്ടുള്ള ഉത്തരവുകൾ കേരള സഹകരണ നിയമം 1969 പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### സഹകരണ (പി.എസ്) വകുപ്പ്

**സ.ഉ.(കൈ) നം.4/2022/സഹ.** **തീയതി,തിരുവനന്തപുരം,08.03.2022.**

---

പരാമർശം:- 1) 13.11.1997 ലെ സ.ഉ(കൈ)നം.135/1997/സഹ.

2) 31.10.2011 ലെ സ.ഉ(കൈ)നം.153/2011/സഹ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3) 29.06.2016 ലെ സ.ഉ(കൈ)നം.31/2016/സഹ.

4) 09.01.2018 ലെ സ.ഉ(കൈ)നം.1/2018/സഹ.

5) 09.02.2021 ലെ സ.ഉ(കൈ)നം.4/2021/സഹ.

6) സഹകരണ സംഘം രജിസ്ട്രാറുടെ 05.02.2022 ലെ ആർ.സി.എസ്/1118/2022 എം.റ്റി-1 നമ്പർ കത്ത്.

**ഉത്തരവ്**

ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുള്ള മുൻഗണനാ വ്യവസ്ഥകളും ഉപാധികളും പരിഷ്കരിച്ച് പരാമർശം (1) പ്രകാരം ഉത്തരവാകുകയും പ്രസ്തുത ഉത്തരവിൽ 17(a) എന്ന ഒരു ക്ലോസ് കൂടി ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന കരാർ പ്രവർത്തികളുടെ അടങ്കൽ തുകയുടെ പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (4) പ്രകാരം പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്യുകയും പരാമർശം (5) പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ സഹകരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തികളിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പങ്കെടുക്കുമ്പോൾ പരാമർശം (1), (4) ഉത്തരവുകളിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത ഉത്തരവുകൾ സഹകരണ സ്ഥാപനങ്ങൾ തന്നെ പാലിക്കുന്നില്ലെന്നും പരാമർശം (1) ഉത്തരവിൽ "സഹകരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തികൾ" എന്ന് പ്രത്യേകമായി പരാമർശിക്കാത്തതാണ് ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നതെന്നും മേൽ സാഹചര്യത്തിൽ പരാമർശം (1), (4) ഉത്തരവുകൾ സഹകരണ സ്ഥാപനങ്ങൾക്ക് കൂടി ബാധകമാക്കി ഒരു പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (6) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പു വരുത്തുക, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ വളർച്ച ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് പരാമർശം ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. സഹകരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തികളിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പങ്കെടുക്കുമ്പോൾ, പരാമർശം (1) ഉത്തരവിൽ "സർക്കാർ പ്രവൃത്തികൾ" എന്നു മാത്രമേ പ്രതിപാദിച്ചിട്ടുള്ളൂവെന്നതിനാൽ സഹകരണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ അപേക്ഷകൾ പരിഗണിക്കപ്പെടുന്നില്ലായെന്നു കാണുന്നു. ആയത് സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്. മാത്രമല്ല, ഇതുമൂലം നിരവധി കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതായും സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകളിലെ എല്ലാ മുൻഗണനാ ആനുകൂല്യങ്ങളും കേരള സഹകരണ നിയമം 1969 പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് ബാധകമാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് സഹകരണസംഘം രജിസ്ട്രാർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.കെ ഗോപകുമാർ**
**ജോയിന്റ് സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), കേരള, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്കും (സഹകരണ സംഘം രജിസ്ട്രാർ മുഖേന)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.03.09 06:59:23 +05:30